**മഹാത്മാഗാന്ധി സർവ്വകലാശാല**

94823/AD A4-2/2022/AD A 4 01.07.2025

**<u>പരിപത്രം</u>**

**വിഷയം : ജീവനക്കാര്യം - കമ്പ്യൂട്ടർ അസ്സിസ്റ്റന്റുമാരുടെ അന്തർ സർവ്വകലാശാല സ്ഥലംമാറ്റം - സംബന്ധിച്ച്.**

സൂചന : 1.മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ്1997,അദ്ധ്യായം 4,ഭാഗം II,സ്റ്റാറ്റ്യൂട്ട് 22 A
2. സർക്കാർ ഉത്തരവ് (കൈ) നം.123/2017/ഉ.വി.വ, തീയതി 09.05.2017.

സൂചന (1) വ്യവസ്ഥകളുടെയും സൂചന (2) സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ഈ സർവ്വകലാശാലയിൽ നിന്നും **കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലേക്ക്** അന്തർസർവ്വകലാശാല സ്ഥലംമാറ്റത്തിനുള്ള യോഗ്യതാപട്ടിക തയ്യാറാക്കുന്നതിനായി ഈ സർവ്വകലാശാലയിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ (കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II, കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - I, കമ്പ്യൂട്ടർ അസിസ്റ്റന്റ് സീനിയർ ഗ്രേഡ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**പൂരിപ്പിച്ച അപേക്ഷകൾ സർക്കുലർ തീയതി മുതൽ ഏഴ് ദിവസത്തിനുള്ളിൽ എഡി.എ 4 സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്.** അപേക്ഷാ ഫോറത്തിന്റെ മാതൃക അന്യത്ര ചേർത്തിരിക്കുന്നു.

Dr.BISMI GOPALAKRISHNAN
Registrar

പകർപ്പ് :
1.സെക്ഷനുകൾ/പഠന വകുപ്പുകൾ
2.വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
4.അസിസ്റ്റന്റ് രജിസ്ട്രാർമാർ/ഡെപ്യൂട്ടി രജിസ്ട്രാർമാർ/ജോയിന്റ് രജിസ്ട്രാർമാർ
5.യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ ഐ.ടി സെൽ/പി.ആർ.ഒ/നോട്ടീസ് ബോർഡ്

Draft #36 of File 94823/AD A4-2/2022/AD A 4 Approved by Registrar on 01-Jul-2025 01:40 PM - Page 1

Draft #36 of File 94823/AD A4-2/2022/AD A 4 Approved by Registrar on 01-Jul-2025 01:40 PM - Page 2

**കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനുള്ള അപേക്ഷ**

| | | |
|---|---|---|
| 1 | അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഉദ്യോഗപ്പേരും (PEN സഹിതം) | |
| 2 | ജനന തീയതി | |
| 3 | മേൽവിലാസം | |
| 4 | ജോലിയിൽ പ്രവേശിച്ച തീയതി (നേരിട്ടുള്ള നിയമനം/തസ്തികമാറ്റം/ അന്തർ സർവ്വകലാശാല സ്ഥലംമാറ്റം മുഖേന) | |
| 5 | സർവ്വകലാശാല നിയമന ശിപാർശ തീയതി (കമ്പ്യൂട്ടർ അസിസ്റ്റൻറ് ഗ്രേഡ് II തസ്തിക) | |
| 6 | നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തസ്തിക, അടിസ്ഥാന ശമ്പളം, ശമ്പള സ്കെയിൽ | |
| 7 | പ്രൊബേഷൻ ഡിക്ലയർ ചെയ്ത തീയതിയും ഉത്തരവ് നമ്പരും (സൂചന 2 പ്രകാരം അപേക്ഷിക്കുന്നവർ ഒഴികെ) | |
| 8 | ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയും, ഉത്തരവ് നമ്പരും, തീയതിയും | |
| 9 | താങ്കൾ ഏതെങ്കിലും ശിക്ഷാനടപടികൾക്ക് വിധേയമാവുകയോ താങ്കൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുകയോ ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുക. | |
| 10 | മറ്റ് വിശദാംശങ്ങൾ ഉണ്ടെങ്കിൽ ആയത് രേഖപ്പെടുത്തുക | |

**<u>സത്യപ്രസ്താവന</u>**

സൂചന (1), (2) എന്നിവയിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ........................................................................................................................ സർവ്വകലാശാലയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനായി മേൽ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം: പേര്:

തീയതി: ഒപ്പ്:

ഓഫീസ് അധികാരിയുടെ മേലൊപ്പും ഉദ്യോഗപ്പേരും